# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 29 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## 'പ്രത്യുത്ഥാനം': അപേക്ഷ ജൂലൈ 31 ന് മുമ്പ് നൽകണം

കേരള സർക്കാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, യു.എൻ.ഡി.പി എന്നിവയുടെ സഹകരണത്തോടെ 2018 ലെ വെള്ളപ്പൊക്ക, ഉരുൾപൊട്ടൽ ബാധിതർക്ക് നൽകുന്ന പ്രത്യുത്ഥാനം അധിക സഹായത്തിന് ജൂലൈ 31 ന് മുമ്പായി അപേക്ഷ നൽകണം. 2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിലോ, ഉരുൾപ്പൊട്ടലിലോ വീടിന് പൂർണ്ണമായോ ഭാഗികമായോ (15% മുതൽ - 100% വരെ) നാശനഷ്ടം സംഭവിച്ച പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ താമസിക്കുന്ന കുടുംബങ്ങളിൽ നിന്ന് മുൻഗണനാക്രമത്തിൽ കാൻസർ രോഗികൾ/ ഡയാലിസിസ് രോഗികൾ/ മാനസിക പരിമിതരും കിടപ്പുരോഗികളുമായ ഭിന്നശേഷിക്കാർ/ വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ളതും കുട്ടികൾ എല്ലാവരും 2018 ഓഗസ്റ്റ് 31ന് 18 വയസ്സിന് താഴെയുള്ളതും ആയിട്ടുള്ള 7300 കുടുംബങ്ങൾക്ക് 'പ്രത്യുത്ഥാനം' പദ്ധതി പ്രകാരം 25,000 രൂപ (ഇരുപത്തി അയ്യായിരം രൂപ) വീതമാണ് അധിക സഹായം നൽകുക.

അപേക്ഷാഫോറം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് ലഭിക്കുന്നതാണ് . കൂടാതെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടേയോ (www.sdma.kerala.gov.in), അതാത് ജില്ലാ ഭരണകൂടത്തിന്റെയോ എൽഎസ്ജിഡി വകുപ്പിന്റെയോ സാമൂഹ്യനീതി വകുപ്പിന്റെയോ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം അടുത്തുള്ള അംഗൻവാടികളിൽ ജൂലൈ 31 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

## അനധികൃത ഹൗസ് ബോട്ടുകൾക്കെതിരെ കർശന നടപടി: മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന അനധികൃത ഹൗസ് ബോട്ടുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് തുറമുഖവകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പറഞ്ഞു. മദ്ധ്യകേരളത്തിലെ ആദ്യത്തെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടായ കയ്പമംഗലം മണ്ഡലത്തിലെ അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ കോഴ്സുകളുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. അശാസ്ത്രീയമായി നിർമ്മിച്ച് സർവ്വീസ് നടത്തുന്ന ബോട്ടുകളാണ് പലപ്പോഴും അപകടങ്ങളിൽപ്പെടുന്നത്. വർധിച്ചു വരുന്ന ബോട്ടപകടങ്ങൾ അടിയന്തിരമായി പരിഹരിക്കാൻ ശാസ്ത്രീയമായ രീതിയിൽ യുവാക്കൾക്ക് പരിശീലനം നൽകുകയും അത്തരം സ്ഥാപനങ്ങൾ ഉയരുകയും വേണം. വ്യാജ പരിശീലനസ്ഥാപനങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ യുവാക്കളും ജനങ്ങളും ഉദ്യോഗസ്ഥരും കൂടുതൽ ഉത്തരവാദിത്വബോധത്തോടെ പെരുമാറണം മന്ത്രി പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനം ഉണ്ടാകുമ്പോൾ അതിനെ നേരിടാൻ ശാസ്ത്രീയമായ ക്രമീകരണവും മുന്നൊരുക്കവും നടത്തും. രാജ്യസുരക്ഷയുടെ ഭാഗമായി കടൽത്തീരത്തെ ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന പ്രദേശങ്ങൾ പരിപോഷിപ്പിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇ.ടി.ടൈസൺ മാസ്റ്റർ എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ക്യാമ്പസ് മാനേജർ ജിസ്മോൻ ജേക്കബ് റിപ്പോർട്ട് അവതരിപ്പിച്ചു. എറിയാട് പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി

മോഹനൻ, ജില്ലാ പഞ്ചായത്തംഗം നൗഷാദ് കൈതവളപ്പിൽ, കേരള മാരിടൈം ബോർഡ് ചെയർമാൻ സീനിയർ അഡ്വ. വി.ജെ. മാത്യു, മാരിടൈം സി.ഒ.ഒ വിനോദ്. കെ.ആർ, പോർട്ട് കൺസർവേറ്റർ ഹരിശേഖർ. സി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.എം. അബ്ദുള്ള, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## കേരളത്തിലെ ആദ്യത്തെ സർക്കാർ അംഗീകൃത ലാസ്കർ കോഴ്സുകൾക്ക് അഴീക്കോട് മാരിടൈം അക്കാദമിയിൽ തുടക്കം

കേരളത്തിലെ ആദ്യത്തെ സർക്കാർ അംഗീകൃത ലാസ്കർ കോഴ്സുകൾക്ക് അഴീക്കോട് മാരിടൈം അക്കാദമിയിൽ തുടക്കമായി. 10 കോടി രൂപ ചെലവിൽ നിർമ്മിച്ച അക്കാദമിയിൽ ഉൾനാടൻ ജലഗതാഗതത്തിന് അനുയോജ്യമായ കോഴ്സുകൾ അഴീക്കോട് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഉൾനാടൻ ജലഗതാഗത മേഖലയിൽ പ്രവർത്തിക്കുന്നതും തദ്ദേശീയരായ ജനങ്ങൾക്കും ഉപകരിക്കുന്ന വിധത്തിലുള്ള കോഴ്സുകളായ ലാസ്കർ, സ്രാങ്ക്, എഞ്ചിൻ ഡ്രൈവർ എന്നീ ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഫസ്റ്റ് ക്ലാസ് മാസ്റ്റർ, സെക്കന്റ് ക്ലാസ് മാസ്റ്റർ, ഫസ്റ്റ് ക്ലാസ് എഞ്ചിൻ ഡ്രൈവർ, സെക്കന്റ് ക്ലാസ് എഞ്ചിൻ ഡ്രൈവർ എന്നിവയാണ് ആരംഭിച്ചത്. ഷിപ്പിംഗ് ആന്റ് ലോജിസ്റ്റിക്കിൽ എംബിഎ, ഡിപ്ലോമ, ഡിഗ്രി കോഴ്സുകളും ഉടനെ ആരംഭിക്കും. നാല് ദിവസം നീണ്ടു നിൽക്കുന്ന ക്ലാസ് 50 പേരടങ്ങുന്ന ഒറ്റ ബാച്ചായാണ് പ്രവർത്തിക്കുന്നത്. 18 വയസ്സ് പൂർത്തിയായ എട്ടാം ക്ലാസ് യോഗ്യതയുള്ളവർക്ക് ലാസ്കർ കോഴ്സിന് അപേക്ഷിക്കാം. നാലു ദിവസത്തെ കോഴ്സിന് 8000 രൂപയാണ് ഫീസ്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് നാലാം ദിവസം സർട്ടിഫിക്കറ്റ് നൽകും. കേരള ഉൾനാടൻ ജലഗതാഗത നിയമം 2010 നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായിട്ടാണ് കേരള മാരിടൈം അക്കാദമി കോഴ്സുകൾ ആരംഭിച്ചിരിക്കുന്നത്.

## ജനമൈത്രി പോലീസ് കേരളത്തിന്റെ സംഭാവന: മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ

ജനമൈത്രി പോലീസ് കേരളത്തിന്റെ സംഭാവനയെന്ന് സംസ്ഥാന തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ. പൊലീസുകാരെക്കുറിച്ച് വിവാദങ്ങൾ ഉയരുന്ന സാഹചര്യത്തിൽ പൊലീസുകാർക്കിടയിൽ മനുഷ്യത്വവും സംസ്കാരവുമുണ്ടെന്ന് തെളിയിക്കാൻ ജനമൈത്രി പൊലീസിനായെന്നും അദ്ദേഹം പറഞ്ഞു. കെയർ ആൻഡ് ഷെയർ പ്രവാസി കൂട്ടായ്മയുടെയും കയ്പമംഗലം ജനമൈത്രി പോലീസിന്റെയും ക്ലബുകളുടെയും സഹകരണത്തോടെ കയ്പമംഗലത്ത് നിർമ്മിച്ച മൂന്ന് നിർധന കുടുംബങ്ങൾക്കുള്ള വീടുകളുടെ താക്കോൽദാനം കയ്പമംഗലം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജാതിമതഭേദമന്യേ ഏവരും ഒരുമിച്ച് നിൽക്കുന്നത് കൊണ്ടാണ് കേരളം നിവർന്ന് നില്കുന്നത്. സമൂഹത്തിൽ മാനവികതയും മനുഷ്യത്വവും നഷ്ടപ്പെടാതിരിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ അദ്ധ്യക്ഷത വഹിച്ചു. ഇരിങ്ങാലക്കുട ഡിവൈഎസ്പി ഫേമസ് വർഗ്ഗീസ്, കൈപ്പമംഗലം പോലീസ് എസ്.എച്ച്. ഒ ജയേഷ് ബാലൻ, കൈപ്പമംഗലം എസ്.ഐ. പി.ജി. അനൂപ്, കയ്പമംഗലം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഖദീജ പുതിയവീട്ടിൽ, കെയർ ആന്റ് ഷെയർ വൈസ് പ്രസിഡന്റ് ആഷ്‌ലി, വിവിധ ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു കയ്പമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ടി വി സുരേഷ് ബാബു സ്വാഗതവും സെക്രട്ടറി കെ ബി മുഹമ്മദ് റഫീക് നന്ദിയും പറഞ്ഞു. കൂരിക്കുഴി തച്ചേരി വീട്ടിൽ റീത്ത കൃഷ്ണൻകുട്ടി, കൂരിക്കുഴി ചെന്നറ വീട്ടിൽ ഖദീജ അബ്ദുൾ സമദ്, എറാട്ട് ഷീജ എന്നിവർക്കാണ് നാല് ലക്ഷം രൂപ ചെലവിട്ട് 475 ചതുരശ്ര അടിയിൽ വീട് നിർമ്മിച്ചു നൽകിയത്. പ്രവർത്തനത്തിന് നേതൃത്വം നൽകിയ ശിഹാബ്, ആഷ്‌ലി എന്നിവരെ ചടങ്ങിൽ ആദരിച്ചു.

## ആർമി റിക്രൂട്ട്മെന്റ് റാലി
## ആഗസ്റ്റ് 28 മുതൽ സെപ്തംബർ 8 വരെ തൃശൂരിൽ

തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, തൃശൂർ, കാസറഗോഡ് ജില്ലകളിലും ലക്ഷദ്വീപ്, മാഹി പ്രദേശങ്ങളിലുള്ള അർഹരായ ഉദ്യോഗാർത്ഥികൾക്കുള്ള കരസേന റിക്രൂട്ട്മെന്റ് റാലി ആഗസ്റ്റ് 28 മുതൽ സെപ്തംബർ 8 വരെ മണ്ണുത്തി കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി ഗ്രൗണ്ടിൽ നടക്കും. ഓൺലൈനിൽ രജിസ്ട്രർ ചെയ്തവർക്ക് മാത്രമേ റാലിയിൽ പങ്കെടുക്കാനാവൂ. ആഗസ്റ്റ് 18 വരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. ആഗസ്റ്റ് 20 മുതൽ അഡ്മിഷൻ കാർഡ് അയച്ച് തുടങ്ങും. സോൾജിയർ, ജനറൽ ഡ്യൂട്ടി, സോൾജ്യർ ടെക്നിക്കൽ, സോൾജ്യർ ടെക് നേഴ്സിംഗ് അസിസ്റ്റന്റ് (എഎംസി), നേഴ്സിംഗ് അസിസ്റ്റന്റ് വെറ്ററിനറി, സോൾജ്യർ ക്ലാർക്ക്/സ്റ്റോർ കീപ്പർ/ടെക്നിക്കൽ/ഇൻവെന്ററി മാനേജ്മെന്റ്(ഓൾ ആംസ്), സോൾജിയർ ട്രേഡ്സ്മാൻ (ഓൾ ആംസ്) പത്താം ക്ലാസ്സ് വിജയം (ഓൾ ആംസ്), സോൾജിയർ ട്രേഡ്സ്മാൻ (ഓൾ ആംസ്) എട്ടാം ക്ലാസ്സ് വിജയം (ഓൾ ആംസ്) എന്നീ തസ്തികളിലാണ് റിക്രൂട്ട്മെന്റ് നടത്തുക. വിദ്യാഭ്യാസ യോഗ്യത, ശാരീരിക ക്ഷമത, പൊതുപ്രവേശനപരീക്ഷ തുടങ്ങിയ സംബന്ധിച്ച വിശദവിവരങ്ങൽ www.joinindianarmy.nic.in ൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0495-2383953 യിൽ വിളിക്കുക. റിക്രൂട്ട്മെന്റ് സമയബന്ധിതമല്ലാത്തതിനാൽ ആവശ്യമുള്ള ഭക്ഷണവും വെള്ളവും കരുതണം. www.joinindianarmy.nic.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ നിന്നുള്ള അഡ്മിഷൻ കാർഡ് കയ്യിൽ കരുതണം. വ്യാജ അഡ്മിഷൻ കാർഡ്, വ്യാജ വിദ്യാഭ്യാസ രേഖകൾ തുടങ്ങിയവ സമർപ്പിച്ചാൽ കർശന നിയമനടപടികൾക്ക് വിധേയമാക്കും. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കരുത്. കൈത്തണ്ടയുടെ ഉൾഭാഗത്തൊഴികെ മറ്റ് ഭാഗങ്ങളിൽ പച്ചകുത്തിയവരെ ഒഴിവാക്കുന്നതാണ്. മൊബൈൽ ഫോൺ അനുവദീയമല്ല. റാലിക്ക് വരുന്നതിനു മുമ്പ് ചെവിക്കായം ഡോക്ടറുടെ സഹായത്തോടെ വൃത്തിയാക്കണം. ഉദ്യോഗാർത്ഥികൾ 3 മുതൽ 4 ദിവസം വരെ റാലി സ്ഥലത്ത് ഉണ്ടായിരിക്കണം. താമസസ്ഥലം അവരവർ കണ്ടെത്തണം. പൊതുപ്രവേശന പരീക്ഷയ്ക്ക് നെഗറ്റീവ് മാർക്കുണ്ടായിരിക്കും.

## ഹരിതനിയമ ബോധവത്ക്കരണ
## പ്രവർത്തനങ്ങൾക്ക് തുടക്കമായി

ഹരിതനിയമങ്ങൾ നടപ്പാക്കുന്നത് ശക്തിപ്പെടുത്താനും ഹരിതനിയമങ്ങളെ സംബന്ധിച്ചുള്ള അവബോധം ജനങ്ങളിൽ വ്യാപകമാക്കാനും ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ ചേർന്ന് വിപുലമായ ബോധവത്കരണ പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. പ്രധാനമായും 2016 ലെ ഖരമാലിന്യ പരിപാലന നിയമത്തെ അധികരിച്ചാണ് പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. മാലിന്യം സൃഷ്ടിക്കുന്നവരിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തം, ചുമതല, നിയമം അനുശാസിക്കുംവിധമുള്ള മാലിന്യ പരിപാലനം, തെറ്റായ രീതിയിൽ മാലിന്യസംസ്കരണം നടത്തിയാലുള്ള നിയമനടപടികൾ തുടങ്ങി വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് ബോധവത്കരണ പരിപാടികൾ. ഇതോടൊപ്പം ഹരിതനിയമങ്ങൾ കർശനമായി നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനവും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച ദ്വിദിന സംസ്ഥാന ഫാക്കൽറ്റി പരിശീലനം തിരുവനന്തപുരത്ത് കൈമനത്തുള്ള ആർ.ടി.ടി.സി.യിൽ ആരംഭിച്ചു. സംസ്ഥാന വ്യാപകമായി തുടർപരിശീലനം നൽകാനുള്ള റിസോഴ്സ് പേഴ്സൺമാർക്കാണ് കിലയുമായി ചേർന്ന് പരിശീലനം സംഘടിപ്പിച്ചത്.

ഹരിതനിയമങ്ങളുടെ പ്രസക്തി, നിയമങ്ങൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, പോലീസ്, കേരള മുനിസിപ്പാലിറ്റി, നഗരകാര്യം, ആരോഗ്യം എന്നീ വകുപ്പുമായി ബന്ധപ്പെട്ട നിയമങ്ങൾ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കേരള മുനിസിപ്പാലിറ്റി നിയമവും പഞ്ചായത്ത് രാജ് നിയമവും, പരിസ്ഥിതി സംരക്ഷണ നിയമവും അനുബന്ധ ചട്ടങ്ങളും, ശുചിത്വമാലിന്യ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം, ഹരിതനിയമം നടപ്പാക്കൽ തുടങ്ങിയ വിഷയങ്ങളിൽ വിവിധ വകുപ്പുകളിൽ നിന്നുള്ളവരാണ് പരിശീലനം നൽകുന്നത്. പരിശീലനം ഇന്നും (ജൂലൈ 30) തുടരും. ഇതിനു തുടർച്ചയായി വരും ദിവസങ്ങളിൽ ജില്ലാ കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ പഞ്ചായത്ത് സെക്രട്ടറിമാർ, നഗരസഭ അധ്യക്ഷർ, നഗരസഭാ സെക്രട്ടറിമാർ, അസിസ്റ്റന്റ് സെക്രട്ടറി

മാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, നഗരസഭാ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ എന്നിവർക്കും പരിശീലനം നൽകും. കോർപ്പറേഷൻ അധ്യക്ഷർ, സെക്രട്ടറിമാർ മറ്റു ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് അടുത്ത മാസം ഏഴിന് തിരുവനന്തപുരത്ത് ശിൽപ്പശാലയും സംഘടിപ്പിക്കും.

20 ലക്ഷം പേരിൽ എത്തുന്ന വിപുലമായ ഹരിതനിയമ ബോധവൽക്കരണ കാമ്പയിനും കർശനമായ നിയമ നടപടികൾ സ്വീകരിക്കാൻ എൻഫോഴ്സ്മെന്റ് ഏജൻസികളെ സജ്ജമാക്കലുമാണ് ആത്യന്തിക ലക്ഷ്യം.

# റോഡ് ഉദ്ഘാടനം ചെയ്തു

എറിയാട് കൊച്ചുവേലിയിൽ റോഡ് ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്തു. വർഷങ്ങളായി സഞ്ചാരപാത ഇല്ലാതെയും വെള്ളക്കെട്ട് മൂലവും പ്രയാസം അനുഭവിച്ചിരുന്ന ഭഗത് സിംഗ് ക്ലബ് പരിസരത്തെ സ്ഥിരതാമസക്കാരായ നിരവധി കുടുംബങ്ങളുടെ സ്വപ്നമാണ് ഇതോടെ പൂവണിഞ്ഞത്. റോഡ് വേണമെന്ന നിവാസികളുടെ ആവശ്യം ശക്തമായതോടെ എംഎൽഎ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 47 ലക്ഷം രൂപ നിർമ്മാണത്തിനായി അനുവദിച്ചു. നിലവിൽ തോടിരുന്ന സ്ഥലത്ത് കാനനിർമ്മിച്ച് 10 അടി വീതിയിൽ കോൺക്രീറ്റ് സ്ലാബ് ഇട്ടാണ് റോഡ് നിർമ്മാണം പൂർത്തീകരിച്ചത്. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പ്രസാദിനി മോഹനൻ അദ്ധ്യക്ഷത വഹിച്ചു. എറിയാട് ഗ്രാമ പഞ്ചായത്തംഗം വി.ആർ ബാബു, വൈസ് പ്രസിഡന്റ് പി.എം അബ്ദുള്ള, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ വി കുട്ടൻ, സുഗത ശശിധരൻ, അംബിക ശിവപ്രിയൻ, സഈദ സുലൈമാൻ, കെ പി രാജൻ, എ കെ പ്രദീപൻ, പി ബി മൊയ്തു, തുടങ്ങിയവർ പങ്കെടുത്തു.

# 'പ്രസ് ഗ്യാലറി കണ്ട സഭ' പ്രകാശനം ഇന്ന്

കേരള മീഡിയ അക്കാദമി പ്രസിദ്ധീകരിച്ച 'പ്രസ് ഗ്യാലറി കണ്ട സഭ' എന്ന പുസ്കത്തിന്റെ പ്രകാശനം ഇന്ന് (ജൂലൈ 30) തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടലിൽ വൈകീട്ട് നാലിന് നടക്കും. സ്പീക്കർ പി ശ്രീരാമകൃഷ്ണൻ മുൻ സ്പീക്കർ വി എം സുധീരനും നൽകി പ്രകാശനം നിർവഹിക്കും. ഒ രാജഗോപാൽ എംഎൽഎ, മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, ഐആൻഡ്പിആർഡി സെക്രട്ടറി പി വേണുഗോപാൽ, മുതിർന്ന മാധ്യമ പ്രവർത്തകരായ എസ് ആർ ശക്തിധരൻ, കെ ജി പരമേശ്വരൻ നായർ, കെ പ്രഭാകരൻ, എം പി അച്ചുതൻ, കെ കുഞ്ഞിക്കണ്ണൻ, വി എസ് രാജേഷ്, കെ പി മോഹനൻ, എം ജി രാധാകൃഷ്ണൻ, രാജാജി മാത്യു തോമസ്, ജോൺ മുണ്ടക്കയം, സരസ്വതി നാഗരാജൻ, എസ് ബിജു, അക്കാദമി സെക്രട്ടറി കെ മോഹനൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ ഡോ. എം ശങ്കർ എന്നിവർ പങ്കെടുക്കും അവലോകനങ്ങൾ എഴുതിയ മാധ്യമ പ്രവർത്തകരെ ആദരിക്കും. തുടർന്ന് മീഡിയ അക്കാദമിയുടെ ഫോട്ടോ ജേർണലിസം ആദ്യ ബാച്ചിന്റെ ബിരുദദാനവും നടക്കും.

# പുസ്തകം വിതരണം ചെയ്തു

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിലൂടെ 16 വായനശാലകളിൽ 246 മലയാളം പുസ്തകങ്ങളും 24 ഇംഗ്ലീഷ് പുസ്തകങ്ങളും ഉൾപ്പെടെ ആകെ 270 പുസ്തകങ്ങൾ വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ എസ് രാധാകൃഷ്ൺ വിതരണം ചെയ്തു. വൈസ് പ്രസിഡണ്ട് വത്സല ബാബു, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി കെ ഉണ്ണികൃഷ്ണൻ, നേതൃസമിതി കൺവീനർമാരായ വി വി തിലകൻ, ജിനരാജൻ മാസ്റ്റർ, ഗ്രന്ഥശാല പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# ക്ലാസ്സ് ഇന്ന് (ജൂലൈ 30) മുതൽ

തൃശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്ന് (ജൂലൈ 30) മുതൽ റഗുലർ ക്ലാസ്സ് പുനരാംഭിക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## ഡോക്യുമെന്ററി മത്സരം

ശുചിത്വമിഷൻ ശുചിത്വ-മാലിന്യ സംസ്ക്കരണ മേഖലയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി മത്സരം സംഘടിപ്പിക്കുന്നു. മികച്ച ഡോക്യുമെന്ററിക്ക് നിർമ്മാണ ചെലവും അവാർഡും നൽകും. വിശദവിവരങ്ങൾ ജില്ലാ ശുചിത്വമിഷൻ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 0487-2360154.

## അദാലത്ത് 8 ന്

കേരള വനിതാ കമ്മീഷൻ അദാലത്ത് ആഗസ്റ്റ് എട്ട് രാവിലെ പത്തിന് തൃശൂർ ടൗൺ ഹാളിൽ നടക്കും.

## മേട്രൺ കം റസിഡന്റ് ട്യൂട്ടർ നിയമനം

പട്ടികജാതി വികസന വകുപ്പിന് കീഴിൽ തൃശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകളിൽ മേട്രൺ കം റസിഡന്റ് ട്യൂട്ടർ തസ്തികയിൽ കരാർ നിയമനം നടത്തുന്നു. ബിരുദവും ബിഎഡുമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതമുള്ള അപേക്ഷ ആഗസ്റ്റ് എഴിനകം അയ്യന്തോൾ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണം. ഫോൺ: 0487-2360381.

## കമ്പ്യൂട്ടർ കോഴ്സ്

തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്റർ ആനിമേഷൻ, മൾട്ടീമീഡിയ കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. എസ്എസ്എൽസി, പ്ലസ് ടു, ഐടിഐ, ഡിപ്ലോമ, ഡിഗ്രി എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഫോൺ: 0471- 2325154, 4016555.

## കൊടുങ്ങല്ലൂരിൽ കാലപ്പഴക്കമുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നു

കൊടുങ്ങല്ലൂർ നഗരസഭയിൽ കാലപ്പഴക്കമുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്നു. നൂറ് വർഷത്തിലേറെ പഴക്കമുള്ള കെട്ടിടങ്ങളുടെ നിലനിൽപ്പിലും ബലത്തിലും സംശയമുള്ള സാഹചര്യത്തിലാണ് നടപടികൾ സ്വീകരിക്കുക. ഇക്കാര്യത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള വിദഗ്ദ്ധൻമാരെ ഉപയോഗിച്ച് കെട്ടിടങ്ങളുടെ സുരക്ഷ കൃത്യമായി

പരിശോധിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുമെന്ന് നഗരസഭ ചെയർമാൻ കെ ആർജൈത്രൻ പറഞ്ഞു. പരിശോധന നടത്തിയ കെട്ടിടങ്ങൾ, എഞ്ചിനീയർമാരുടെ സുരക്ഷാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊളിച്ച് നീക്കുകയോ ബലപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള നടപടികളാണ് നഗരസഭ സ്വീകരിക്കുക. കൊടുങ്ങല്ലൂർ തെക്കെ നടയിലുള്ള ചില കെട്ടിടങ്ങൾ അടക്കം ഒമ്പതെണ്ണമാണ് ഇപ്പോൾ സുരക്ഷ പ്രശ്നം നേരിടുന്നത്. കൊടുങ്ങല്ലൂർ ഫയർഫോഴ്സ് സ്റ്റേഷൻ ഓഫീസർ, നഗരത്തിലെ കെട്ടിടങ്ങൾ പരിശോധന നടത്തി അവയുടെ ബലത്തിലും നിലനിൽപ്പിലും സംശയം പ്രകടിപ്പിച്ചിരുന്നു. ഇതിൽ നഗരസഭ അടിയന്തിരമായി കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട വിദഗ്ദ്ധരായ എഞ്ചിനീയർമാരുടെ പാനൽ ഉണ്ടാക്കി അവരെക്കൊണ്ട് പരിശോധന നടത്തി അടിയന്തിര നടപടി സ്വീകരിക്കുമെന്നും ചെയർമാൻ അറിയിച്ചു.

പുല്ലൂറ്റ് ഒരേക്കറിലേറെയുള്ള സ്ഥലത്ത് ഫല വൃക്ഷ തൈകൾ വെച്ച് പിടിപ്പിച്ച് പച്ചത്തുരുത്ത് നിർമ്മിക്കും. ഹരിത കേരള മിഷനുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുക. പുല്ലൂറ്റ് നായ്ക്കുളം പ്രദേശത്തുള്ള ഹാർട്ട് ഫുൾ നെസ്സ് സെന്ററിന്റെ അധീനതയിലുള്ള ഒരേക്കറിലേറെയുള്ള സ്ഥലമാണ് പദ്ധതിക്കായി ഉപയോഗപ്പെടുത്തുക. ആവശ്യമായ ഫലവൃക്ഷത്തൈകൾ സോഷ്യൽ ഫോറസ്ട്രി വകുപ്പിൽ നിന്ന് ലഭ്യമാക്കും. ഇതിന് നഗരസഭയുടെ കീഴിലുള്ള തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനവും ഉപയോഗപ്പെടുത്തും. നേരത്തെ ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി പാലിയംതുരുത്ത് ഗവ.എൽ.പി.സ്കൂളിന്റെ അഞ്ച് സെന്റ് സ്ഥലത്ത് പച്ചത്തുരുത്ത് സൃഷ്ടിക്കുന്നതിനായി ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിരുന്നു. അതിന്റെ തുടർച്ചയായിട്ടാണ് പുല്ലൂറ്റ് പദ്ധതിയും നടപ്പിലാക്കുന്നത്.

# പ്രായോഗിക പരിശീലനം

മഞ്ചേരി പയ്യനാട് കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ റബ്ബറധിഷ്ഠിത വ്യവസായ ങ്ങൾ തുടങ്ങുന്നതിന് മൂന്ന് ദിവസത്തെ പ്രായോഗിക പരിശീലനം നൽകുന്നു. താൽപര്യമുള്ളവർ ആഗസ്റ്റ് 14 നകം പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0483-2768507, 9846797000.